**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 833** **09-10-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്, മറ്റ് സ്കോളർഷിപ്പുകൾ എന്നിവ പൂർണമായും വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ഓരോ ഇനത്തിലും എത്ര കുടിശികയുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | പട്ടികജാതി വിഭാഗം വിദ്യാർഥികളുടെ 2022-23, 2023-24 അധ്യയന വർഷങ്ങളിലെ അപ്രൂവൽ ലഭിച്ച ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ 2024-25 സാമ്പത്തിക വർഷം ബഡ്ജറ്റിൽ ലഭ്യമായ 223 കോടി രൂപ പൂർണമായും വിനിയോഗിച്ചു കൊണ്ട് കുടിശിക വിതരണം ചെയ്തിട്ടുണ്ട്. പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് 2022-23 വർഷം 1.50 കോടി രൂപയും 2023-24 വർഷത്തെ കുടിശിക ഇനത്തിൽ 108.50 കോടിയും ഉൾപ്പെടെ ആകെ 110. 00 കോടി രൂപ കുടിശിക വിതരണം ചെയ്യാനുണ്ട്. സ്കോളർഷിപ്പ് ഇനത്തിലെ കുടിശ്ശിക വിതരണം പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽ അധിക തുക വകയിരുത്തി ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് 2023-24വരെ 18.29 കോടി രൂപ കുടിശികയുണ്ട്. കുടിശിക അടക്കമുള്ള മുഴുവൻ തുകയും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | വിദ്യാർത്ഥികൾക്ക് പഠനം തുടരുന്നതിലെ ബുദ്ധിമുട്ട് പരിഗണിച്ച് കുടിശിക സമയബന്ധിതമായി തീർക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | പട്ടികജാതി വിഭാഗം വിദ്യാർഥികളുടെ 2022-23, 2023-24 അധ്യയന വർഷങ്ങളിലെ അപ്രൂവൽ ലഭിച്ച ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ 2024-25 സാമ്പത്തിക വർഷം ബഡ്ജറ്റിൽ ലഭ്യമായ 223 കോടി രൂപ പൂർണമായും വിനിയോഗിച്ചു കൊണ്ട് കുടിശിക വിതരണം ചെയ്തിട്ടുണ്ട്. പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് 2022-23 വർഷം 1.50 കോടി രൂപയും 2023-24 വർഷത്തെ കുടിശിക ഇനത്തിൽ 108.50 കോടിയും ഉൾപ്പെടെ ആകെ 110. 00 കോടി രൂപ കുടിശിക വിതരണം ചെയ്യാനുണ്ട്. സ്കോളർഷിപ്പ് ഇനത്തിലെ കുടിശ്ശിക വിതരണം പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | ശീർഷകത്തിൽ അധിക തുക വകയിരുത്തി ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് 2023-24വരെ 18.29 കോടി രൂപ കുടിശികയുണ്ട്. കുടിശിക അടക്കമുള്ള മുഴുവൻ തുകയും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ